(സി) റവന്യൂ കമ്മി കുറയ്ക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ)

വർഷം	ബഡ്ജറ്റിൽ പ്രതീക്ഷിച്ച കമ്മി (കോടി രൂപയിൽ)	യഥാർത്ഥ റവന്യൂ കമ്മി (കോടി രൂപയിൽ)
1992-93	635.10	337.40
1993-94	618.17	371.61
1994-95	833.37	399.88
1995-96	848.50	402.81
1996-97	1142.61	643.03
1997-98	1242.31	1122.91
1998-99	945.99	കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) 2230.39 കോടി രൂപ

(സി) റവന്യൂ കമ്മി പരമാവധി കുറയ്ക്കുന്നതിനു വേണ്ടി പദ്ധതിയേതര ചെലവുകൾ ചുരുക്കാനും, നികുതി നികുതിയിതര കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്താനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, സർക്കാർ വാഹനങ്ങളുടെ ഇന്ധനച്ചെലവ് പുതിയ തസ്തികകൾ സൃഷ്ടിക്കൽ, യാത്രപ്പടി, പുതിയ ടെലിഫോൺ കണക്ഷനുകൾ, പുതിയ വാഹനങ്ങൾ വാങ്ങൽ തുടങ്ങിയവയിൽ ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

7 (970) കോർപ്പറേഷനുകൾ വഴിയുള്ള സാമ്പത്തിക സഹായം

ശ്രീ. സി.കെ നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസന പരിപാടികൾക്ക് സാമ്പത്തിക സഹായം നൽകാൻ ഏതെല്ലാം കോർപ്പറേഷനുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രൂപീകരിച്ചിട്ടുണ്ട്;

(ബി) അന്യസംസ്ഥാനങ്ങളിൽ വൈദ്യുതി, റോഡുകൾ, പാലങ്ങൾ എന്നിവയ്ക്ക് ധനസഹായം ലഭ്യമാക്കാൻ പുതുതായി കോർപ്പറേഷനുകൾ രൂപീകരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ നിലവിലിരിക്കുന്ന സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ),(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

8 (971) കണ്ണൂർ ജില്ലയിലെ വെള്ളിക്കൈപ്പൊലം നിർമ്മാണത്തിനുള്ള നടപടി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വെള്ളിക്കൈപ്പൊലം നിർമ്മാണത്തിന് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടും ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്താത്തതിനാൽ ടെന്റർ നടപടി പൂർത്തിയാക്കിയിട്ടില്ല എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അഡീഷണൽ ആതറൈസേഷനായി ആവശ്യമായ തുക അനുവദിക്കുമെന്ന് ഉറപ്പു നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ തുക ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

9 (972) കണ്ണൂർ ജില്ലയിലെ മങ്ങാട്ട് പറമ്പിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിനുള്ള നടപടി.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മങ്ങാട്ട് പറമ്പിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടും. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ ടെൻഡർ നടപടി പൂർത്തിയായില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അഡീഷണൽ ആതറൈസേഷനായി ആവശ്യമായ തുക അനുവദിക്കുമെന്ന് ഉറപ്പ് നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് അഡീഷണൽ ആതറൈസേഷൻ വഴി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly